# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 338** 16..12..2014 - ൽ മറുപടിക്ക്

സംസ്ഥാന-കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ചേർന്നുള്ള വിപണി വിപുലീകരണം കാര്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.ശിവദാസൻ നായർ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി ) |
| (എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെ ആണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) | ഉണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതികളിലൂടെ പൊതുമേഖലാസ്ഥാപനങ്ങളിൽ വിപണന വിപുലീകരണം, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നവീനമായ സാങ്കേതികവിദ്യയുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (സി) & (ഡി) | ഇതിനായി സഹകരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വീകരിച്ചുവരുന്ന നടപടികളുടെയും വിവരം ചുവടെ ചേർക്കുന്നു.<br><br>• സിമൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലബാർ സിമൻറ്സിന് ക്ലിങ്കർ ലഭ്യമാക്കി. ദീർഘ കാലാടിസ്ഥാനത്തിൽ ചെലവ് കുറയ്ക്കുവാൻ വേണ്ടി കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സഹകരിച്ച് ഒരു സിമൻറ് ബൾക്ക് ഹാൻറ്ലിങ്ങ് ടെർമിനൽ വെല്ലിങ്ങ്ടൺ ഐലൻറിൽ കൊച്ചി തുറമുഖത്തിന്റെ കീഴിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ മലബാർ സിമൻറ്സ് സ്വീകരിച്ചുവരുന്നു. |

- കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എം.എം.റ്റി.സി യുമായി ചേർന്ന് ടൈറ്റാനിയം ഡൈ ഓക്സൈഡ്, ടൈറ്റാനിയം സ്പോഞ്ച്, മറ്റു ധാതുക്കൾ എന്നിവ വിപണനം നടത്തുന്നതിനുള്ള ധാരണാപത്രം വൈകാതെ ഒപ്പുവയ്ക്കുന്നതാണ്. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എർത്ത് ലിമിറ്റഡുമായി ചേർന്ന് ധാതുമണൽ ഖനനം ചെയ്ത് വേർതിരിച്ചെടുക്കുകയും അതിൽ നിന്ന് ഇൽമനൈറ്റ് കെ.എം.എം.എൽ. നു നൽകുകയും ശേഷിച്ചവ വിപണനം നടത്തിവരികയും ചെയ്യുന്നു.

- കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കു ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കുന്നുണ്ട്.

- കെൽട്രോണിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി വി.എസ്.എസ്.സി യുമായി യോജിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ പ്രതിരോധവകുപ്പിൽ നിന്നും ഏജൻസികളിൽനിന്നും കൂടുതൽ ഓർഡറുകൾ ലഭിച്ചുവരുന്നു. വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സമാന മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലാസ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള പ്രാരംഭഘട്ട ചർച്ചകൾ നടന്നുവരുന്നു.

- സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സിന് വി.എസ്.എസ്.സിയിൽ നിന്നും കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്. കേന്ദ്രപൊതുമേഖലാസ്ഥാപനങ്ങളായ റെയിൽവേ, ബി.ഇ.എം.എൽ., ബി.എച്ച്.ഇ.എൽ., മിഥാനി എന്നിവയ്ക്കും ആവശ്യമായ ഫോർജിംഗുകൾ നൽകിവരുന്നു. 16 ടൺ ഹാമ്മർ സ്ഥാപിച്ചതോടെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾക്ക് കൂടുതലായി ആവശ്യമായി വരുന്ന ഫോർജ്ജിംഗുകൾ ഉൽപ്പാദിപ്പിച്ച് നൽകാൻ സാധിക്കുന്നതാണ്.

മേൽപ്പറഞ്ഞവ കൂടാതെ ടെൽക്കും, എൻ.ടി.പി.സിയുമായി സഹകരിച്ചുള്ള പദ്ധതിയും, സ്റ്റീൽ കോംപ്ലക്സും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയുമായുള്ള സംയുക്ത പദ്ധതിയും (സെയിൽ-എസ്.സി.എൽ കേരളാ ലിമിറ്റഡ്) പൂർണ്ണ നിലയിൽ പ്രാവർത്തികമാകുമ്പോൾ യഥാക്രമം ട്രാൻസ്ഫോമർ, സ്റ്റീൽ കമ്പികൾ എന്നിവയുടെ വിപണിയും മെച്ചപ്പെടുന്നതാണ്.

സെക്ഷൻ ഓഫീസർ